ക്ഷേത്രങ്ങൾക്കുള്ള പ്രതിവർഷ ഗ്രാന്റ്

*18 [434] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വരുമാനം കുറഞ്ഞ ക്ഷേത്രങ്ങൾക്ക് നിത്യപൂജ നടത്തുന്നതിനും ക്ഷേത്രകെട്ടിടങ്ങൾ പുനരുദ്ധരിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി സർക്കാർ ഗ്രാന്റോ ധനസഹായങ്ങളോ നൽകി വരുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ദേവസ്വം ബോർഡിനു കീഴിലല്ലാത്ത ക്ഷേത്രങ്ങൾക്ക് ഇപ്രകാരം ധനസഹായം നൽകി വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ളതും അല്ലാത്തതുമായ ക്ഷേത്രങ്ങൾക്ക് നിത്യപൂജ നടത്തുന്നതിനും പുനരുദ്ധാരണത്തിനും ജീവനക്കാർക്ക് വേതനം നൽകുന്നതിനുമായി പ്രതിവർഷ ഗ്രാന്റോ ധനസഹായങ്ങളോ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സാസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഉണ്ട്. നിത്യപൂജ നടത്താൻ വകയില്ലാത്ത ക്ഷേത്രങ്ങൾക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് 'പൂജാ ഗ്രാന്റ്' നൽകുന്നുണ്ട്. മലബാറിലെ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിന്റെ കീഴിൽ വരുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും ജീർണ്ണാവസ്ഥയിലായ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും സർക്കാർ ധനസഹായം ലഭ്യമാക്കുന്നുണ്ട്.

(ബി) മലബാറിലെ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിന്റെ നിയന്ത്രണത്തിലല്ലാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഏതാനും ക്ഷേത്രങ്ങൾക്ക് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നുണ്ട്.

(സി) നിത്യപൂജ നടത്താൻ വകയില്ലാത്ത ക്ഷേത്രങ്ങൾക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇപ്പോൾത്തന്നെ 'പൂജാ ഗ്രാന്റ്' നൽകി വരുന്നുണ്ട്. മലബാറിലെ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിന്റെ കീഴിൽ വരുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും ജീർണ്ണാവസ്ഥയിലായ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും സർക്കാർ പ്രതിവർഷ ഗ്രാന്റും ലഭ്യമാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly